**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3679** **27-06-2024 - ൽ മറുപടിയ്ക്ക്**

**എൻഡോസൾഫാൻ പുനരധിവാസഗ്രാമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | എൻഡോസൾഫാൻ ദുരിതബാധിത കുടുംബങ്ങൾക്ക് പുനരധിവാസഗ്രാമം ഉണ്ടാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | എൻഡോസൾഫാൻ പുനരധിവാസഗ്രാമത്തിന്റെ ആദ്യഘട്ടം പൂർത്തിയായിട്ടുണ്ട്. |
| (ബി) | എങ്കിൽ എവിടെയാണ് പ്രസ്തുത ഗ്രാമമെന്നും ഇതിനുള്ള ചെലവ് എത്രയാണെന്നും വ്യക്തമാക്കാമോ; പ്രസ്തുത പുനരധിവാസഗ്രാമത്തിൽ എന്തെല്ലാം സംവിധാനങ്ങളും സൗകര്യങ്ങളുമാണുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | എൻഡോസൾഫാൻ ദുരിതബാധിതരുടെ ശാരീരികവും മാനസികവുമായ പുനരധിവാസം ലക്ഷ്യമാക്കി കാസർഗോഡ് ജില്ലയിലെ മുളിയാർ വില്ലേജിലാണ് 'സഹജിവനം സ്നേഹഗ്രാമം' എന്ന പേരിലുള്ള പുനരധിവാസഗ്രാമം സ്ഥിതി ചെയ്യുന്നത്. എൻഡോസൾഫാൻ പുനരധിവാസം മാസ്റ്റർപ്ലാൻ പ്രകാരം എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള ഹൈഡ്രോതെറാപ്പി, സൈക്കോതെറാപ്പി, അഡ്വാൻസ് ലെവൽ തെറാപ്പികളടക്കം പല തെറാപ്പികൾ, പ്രത്യേക പഠനസൗകര്യം, സ്വയംതൊഴിലടക്കമുള്ള പരിശീലന സംവിധാനങ്ങൾ സമഗ്ര പുനരധിവാസ പ്രവർത്തനങ്ങൾ എന്നിങ്ങനെ വിപുലമായ സൗകര്യങ്ങൾ ആണ് പുനരധിവാസ ഗ്രാമ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ആയതിൽ ഭരണാനുമതി ലഭ്യമായ 4,89,52,829/- രൂപയുടെ പ്രവർത്തനങ്ങളാണ് പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ പൂർത്തിയായിട്ടുള്ളത്. എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസത്തിന് വളരെ അനിവാര്യവും പ്രയോജനകരവുമായ സൈക്കോ തെറാപ്പി, ഹൈഡ്രോതെറാപ്പി എന്നിവയും അനുബന്ധ തെറാപ്പികളായ ഫിസിയോതെറാപ്പി, സ്പീച്ച് തെറാപ്പി, ഡെവലപ്പ്മെന്റൽ തെറാപ്പി എന്നിവയും നൽകാനുള്ള അടിസ്ഥാന സൗകര്യങ്ങളും , ഫർണിച്ചറും തെറാപ്പി ഉപകരണങ്ങളും സെന്ററിൽ ലഭ്യമാക്കിയിട്ടുണ്ട്. |
| (സി) | പുനരധിവാസഗ്രാമത്തിന്റെ ഉദ്ഘാടനം നടന്നിട്ടുണ്ടെങ്കിൽ എപ്പോഴാണ് നടന്നതെന്നും | (സി) | സഹജീവനം സ്നേഹഗ്രാമത്തിന്റെ ഉദ്ഘാടനം 29/02/2024-ന് നിർവ്വഹിച്ചിട്ടുണ്ട്. ഒന്നാം ഘട്ടം |

| | | | |
|---|---|---|---|
| | പ്രവർത്തനസജ്ജമായോ എന്നും വ്യക്തമാക്കാമോ; | | പ്രവർത്തനം സജ്ജമായിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പുനരധിവാസഗ്രാമം ഇതുവരെ തുറന്നുപ്രവർത്തിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്നും എപ്പോൾ തുറന്നുപ്രവർത്തിക്കുമെന്നും വ്യക്തമാക്കാമോ; | (ഡി) | സഹജിവനം സ്നേഹഗ്രാമത്തിന്റെ (പുനരധിവാസ ഗ്രാമത്തിന്റെ) ഒന്നാം ഘട്ടം പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. |
| (ഇ) | പദ്ധതിക്ക് തറക്കല്ലിട്ടതെപ്പോഴാണെന്നും എത്ര രൂപയാണ് വകയിരുത്തിയിട്ടുള്ളതെന്നും പ്രവൃത്തി ഏറ്റെടുത്ത കരാർ കമ്പനി ഏതാണെന്നും വ്യക്തമാക്കാമോ; എത്ര കരാറുകാർ/കമ്പനികൾ ടെണ്ടറിൽ പങ്കെടുത്തിരുന്നുവെന്ന് വ്യക്തമാക്കാമോ; | (ഇ) | 2020 ജൂലൈ 4 ന് ആണ് പദ്ധതിയ്ക്ക് തറക്കല്ലിട്ടത്. 4,89,52,829/- രൂപയുടെ ഭരണാനുമതിയാണ് പുനരധിവാസഗ്രാമത്തിന്റെ ഒന്നാം ഘട്ട നിർമ്മാണ പ്രവൃത്തികൾക്കായി നൽകിയിട്ടുള്ളത്.<br><br>ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് (ULCCS) എന്ന കമ്പനിയെ ആണ് പ്രവൃത്തി ഏൽപ്പിച്ചത്. സർക്കാർ അക്രഡിറ്റഡ് ഏജൻസിയായ ULCCS-ന് ടെണ്ടർ നടപടികൾ ഇല്ലാതെയാണ് കരാർ നൽകിയത്. |
| (എഫ്) | എത്ര കോടി രൂപയുടെ പദ്ധതിയാണ് വിഭാവനം ചെയ്തിട്ടുള്ളതെന്നും ഇതിൽ എത്ര കോടി രൂപ, ഏത് ഫണ്ടിൽ നിന്നാണ് ഇപ്പോൾ അനുവദിച്ചിട്ടുള്ളതെന്നും ബാക്കി തുക ഏത് ഫണ്ടിൽ നിന്നാണനുവദിക്കുകയെന്നും വ്യക്തമാക്കാമോ? | (എഫ്) | 58.75 കോടി രൂപയുടെ പദ്ധതിയാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഇതിൽ ആദ്യഘട്ടത്തിന്റെ പ്രവർത്തനത്തിനായി കാസർഗോഡ് ജില്ലാ കളക്ടറുടെ പക്കലുള്ള 5 കോടി രൂപയാണ് വകയിരുത്തിയത്.<br>പാർശ്വവത്കരിക്കപ്പെട്ടവർക്കായുള്ള പുതിയ സാമൂഹ്യ സുരക്ഷാ സംരഭങ്ങൾ എന്ന പദ്ധതിയ്ക്കായി സാമൂഹ്യനീതി വകുപ്പിന് നീക്കി വച്ച 13 കോടി രൂപയിൽ നിന്ന് സഹജീവനം സ്നേഹഗ്രാമത്തിന്റെ ആദ്യഘട്ട പ്രവർത്തനങ്ങൾക്കും ജീവനക്കാരുടെ വേതനം നൽകുന്നതിനുമായി 94,47,455/- രൂപ അനുവദിക്കുന്നതിനുള്ള ശിപാർശ സാമൂഹ്യനീതി ഡയറക്ടർ സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ച് വരികയാണ്. ആയതിന് അംഗീകാരം ലഭിക്കുന്നതുവരെ പ്രസ്തുത ചെലവ് സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റിസിന്റെ ഭരണപരമായ ശീർഷകത്തിൽ നിന്നും നല്കുന്നതിനു തീരുമാനമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ